LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പണിമുടക്ക്

30 [1747] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനാണ് ജീവനക്കാർ പണിമുടക്കുമായി മുന്നോട്ടുപോകുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) ജീവനക്കാരുടെ പണിമുടക്കിന് ആധാരമായ പ്രശ്നങ്ങളിൽ സർക്കാർ നിലപാട് എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശമ്പള പരിഷ്ക്കരണം, ഇടക്കാലാശ്വാസം, പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് ജീവനക്കാർ പണിമുടക്കുവാൻ തീരുമാനിച്ചിരുന്നത്. സർക്കാരുമായുള്ള ചർച്ചയെതുടർന്ന് പണിമുടക്ക് പിൻവലിച്ചിട്ടുണ്ട്.

(ബി) ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി ശമ്പള പരിഷ്കരണ കമ്മിറ്റിയെ നിയമിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം ഉടനെ ഉണ്ടാകുന്നതാണ്.

ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് യഥാസമയം അനുവദിക്കുവാൻ നടപടി

31 [1748] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനുള്ള സർക്കാർ ജീവനക്കാരുടെ എത്ര അപേക്ഷകളാണ് വിവിധ വകുപ്പുകളിലായി അലോട്ട്മെന്റ് ഇല്ലാത്തതുമൂലം അനുവദിക്കുവാൻ കഴിയാതെയുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത അപേക്ഷകൾ പ്രകാരം മെഡിക്കിൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് ആകെ വേണ്ട തുക എത്രയാണ് ;

(സി) ജീവനക്കാർക്ക് യഥാസമയം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ജീവനക്കാർക്ക് യഥാസമയം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നിയമപ്രകാരം അനുവദിക്കാറുണ്ട്.